


# വചനവഴിയിലെ മിടുമിടുക്കൻ

■ **സിജോ പൈനാടത്ത്**

**ബൈബി**ളിലെ അക്ഷരങ്ങളോടു തന്റെ ആത്മബന്ധുവിനോടെന്നപോലൊരു ഇഷ്ടം... ആവർത്തിച്ചു വായിച്ചും മനഃപാഠമാക്കിയും ആ ആത്മബന്ധം സജീവമാക്കാനുള്ള ശ്രമം അവൻ കുഞ്ഞുനാളിലേ തുടങ്ങി. പതിനൊന്നാം വയസ്സിലേക്കെത്തിയപ്പോൾ, ബൈബിളിനോടുള്ള ആഭിമുഖ്യം അസാധാരണമായ ഒരു ചരിത്രനേട്ടത്തിലേക്ക് അവനെ കൈപിടിച്ചു.

ഇതു ജിസ്മോൻ സണ്ണി, 2024 ലെ ലോഗോസ് പ്രതിഭ. ബൈബിളിനെ ആധാരമാക്കിയുള്ള ലോകത്തിലെ ഏറ്റവും വലിയ പ്രശ്നോത്തരി മത്സരമെന്നറിയപ്പെടുന്ന ലോഗോസ് ബൈബിൾ ക്വിസിൽ പങ്കെടുത്ത നാലര ലക്ഷം പേരിൽ ഒന്നാം സ്ഥാനക്കാരൻ. പങ്കെടുത്തവരിൽ ഭൂരിഭാഗവും ജിസ്മോനെക്കാൾ ഉയർന്ന പ്രായക്കാർ, മുതിർന്ന ക്ലാസുകളിലെ വിദ്യാർഥികൾ, അനേകം ഉന്നതബിരുദധാരികൾ, സെമിനാരിവിദ്യാർഥികൾ, സന്ന്യസ്തർ... ലോഗോസ് പരീക്ഷയ്ക്കുള്ള ബൈബിളറിവിൽ അവരെയെല്ലാം പിന്നിലാക്കിയായിരുന്നു പതിനൊന്നുകാരന്റെ പടയോട്ടം.

കെസിബിസി ബൈബിൾ സൊസൈറ്റി സംഘടിപ്പിക്കുന്ന ലോഗോസ് ബൈബിൾ ക്വിസിന്റെ 24 വർഷത്തെ ചരിത്രത്തിൽ ഏറ്റവും പ്രായം കുറഞ്ഞ ലോഗോസ് പ്രതിഭയായി ആറാം ക്ലാസ് വിദ്യാർഥിയായ ഈ മിടുമിടുക്കൻ.

കേരളത്തിലും പുറത്തുമായി നാലര ലക്ഷത്തോളം പേർ പങ്കെടുത്ത ലോഗോസിന്റെ അതിരൂപതാതലമത്സരങ്ങൾക്കുശേഷം അറുന്നൂറു പേരാണ് രണ്ടാം റൗണ്ടിലേക്കു തിരഞ്ഞെടുക്കപ്പെട്ടത്. ഇതിൽനിന്ന് ആറു പ്രായവിഭാഗങ്ങളിലെ ജേതാക്കൾ മാറ്റുരച്ച ഗ്രാൻഡ് ഫിനാലെ റൗണ്ടിൽ ഒന്നാം സ്ഥാനം സ്വന്തമാക്കിയാണ് ജിസ്മോൻ ലോഗോസ് പ്രതിഭയായത്.

സ്വർണമെഡലും 65,000 രൂപ കാഷ് അവാർഡും ട്രോഫിയും ജിസ്മോന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ചെയർമാൻ ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ സമ്മാനിച്ചു. ലോഗോസിൽ എ വിഭാഗത്തിലെ ജേതാവായാണ് ജിസ്മോൻ ഗ്രാൻഡ് ഫിനാലെയിലെത്തിയത്.

**നാലര ലക്ഷം പേർ പങ്കെടുത്ത ലോഗോസ് ബൈബിൾ ക്വിസിൽ ഏറ്റവും പ്രായം കുറഞ്ഞ ലോഗോസ് പ്രതിഭയായി ജിസ്മോൻ സണ്ണി**



കഴിഞ്ഞ വർഷം ലോഗോസ് ക്വിസിന്റെ ഗ്രാൻഡ് ഫിനാലെയിൽ മാറ്റുരച്ച ആറു പേരിൽ ഒരാളായിരുന്നു ജിസ്മോൻ. 2023 ൽ നഷ്ടമായ ലോഗോസ് പ്രതിഭ കിരീടം ഇക്കുറി ഈ മിടുക്കൻ ഏറ്റുവാങ്ങിയപ്പോൾ സദസ്സിലാകെ കരഘോഷമുയർന്നു.

## ശീലങ്ങളിൽ വചനം

കോതമംഗലം രൂപതയിലെ വാഴക്കുളം ബസ്ലേഹം ഹോളി ഫാമിലി ഇടവകയിൽ ചാത്തംകണ്ടത്തിൽ സണ്ണിയുടെയും സിസിലിയുടെയും ഏകമകനാണ് ജിസ്മോൻ. സ്കൂൾ വിട്ടെത്തിയാൽ വൈകുന്നേരങ്ങളിലെ വചനവായന ജിസ്മോനു ശീലമാണ്. സമ്പൂർണബൈബിൾ ക്രമത്തിൽ വായിച്ചുതീർക്കുകയെന്ന ദൗത്യം അടുത്തിടെ വിജയകരമായി പൂർത്തിയാക്കി. സന്ധ്യാപ്രാർഥനയിലും ഉറക്കെ ബൈബിൾ വായിക്കുന്നതും ജിസ്മോൻതന്നെ.

സാമ്പത്തികമായി പരാധീനതയുള്ള കുടുംബമെങ്കിലും, ചെറുപ്പംമുതൽ ജിസ്മോനെ വചനം വായിച്ചു കേൾപ്പിക്കാനും വായിപ്പിക്കാനും കുടുംബാംഗങ്ങൾ പ്രത്യേക താത്പര്യമെടുത്തു. എല്ലാ ദിവസവും പള്ളിയിൽ കുർബാനയ്ക്കു പോകുന്ന ജിസ്മോൻ ഇടവകാംഗങ്ങൾക്കെല്ലാം പ്രിയപ്പെട്ടവനാണ്.



*കെ.സി.ബി.സി. ബൈബിൾസൊസൈറ്റി നടത്തിയ 24-ാമത് അഖിലേന്ത്യ ലോഗോസ് ക്വിസ് ഗ്രാന്റ് ഫിനാലെയിൽ ലോഗോസ് പ്രതിഭയായ ജിസ്മോൻ സണ്ണിക്ക് ബൈബിൾ സൊസൈറ്റി ചെയർമാൻ റൈറ്റ് റവ. ഡോ. ജയിംസ് ആനാപറമ്പിൽ പുരസ്കാരം നൽകുന്നു.*

## പ്രതിഭയിലേക്കുള്ള വഴി

ലോഗോസ് പോലുള്ള, ഫൈനൽ റൗണ്ട് കടുകട്ടിയായൊരു ബൃഹത്തായ ക്വിസ് മത്സരത്തിൽ ചെറുപ്രായത്തിൽ ഗ്രാൻഡ് ഫിനാലേയിലേക്കെത്താനും ഒന്നാമതെത്താനുമൊക്കെയായതിനു പിന്നിൽ എന്താണ് രഹസ്യം?

ചോദ്യം കേട്ട ജിസ്മോന്റെ മുഖത്ത് തീർത്തും നിഷ്കളങ്കമായൊരു പുഞ്ചിരി, ശേഷം ലളിതമായ ഉത്തരം – ഒരു മാജിക്കുമില്ല, ബൈബിൾ നിരന്തരം വായിച്ച്, പ്രാർഥനയോടെ ആവർത്തിച്ചു വായിച്ച്, പലതും മനഃപാഠമാക്കി. അനുബന്ധപുസ്തകങ്ങൾ വായിച്ചുപഠിച്ചതും നേട്ടമായി.

സമ്പൂർണ ബൈബിളിനു പുറമേ, കെസിബിസി ബൈബിൾ കമ്മീഷൻ നൽകിയ ബൈബിൾ പഠനത്തിന് ആമുഖം, ബൈബിളും കേരളവും എന്നീ ഗ്രന്ഥങ്ങളും ലോഗോസിൽ മികച്ച പ്രകടനം നടത്താൻ സഹായിച്ചുവെന്നു ജിസ്മോൻ.

ലോഗോസ് ബൈബിൾക്വിസിന്റെ ചരിത്രത്തിൽ അത്രമേൽ അതുല്യപ്രതിഭാവിലാസത്തോടെ മത്സരിച്ചു ജയിച്ച ജിസ്മോൻ സണ്ണി, ഈ ക്വിസിൽ പങ്കെടുക്കുന്ന എല്ലാവർക്കും പ്രചോദനമാണെന്നു കെസിബിസി ബൈബിൾ സൊസൈറ്റി സെക്രട്ടറി ഫാ. ഡോ. ജോജു കോക്കാട്ട് പറഞ്ഞു.

കല്ലൂർക്കാട് സെന്റ് അഗസ്റ്റിൻസ് സ്കൂളിലാണ് ജിസ്മോൻ ഇപ്പോൾ പഠിക്കുന്നത്. പ്രസംഗത്തിലും ക്വിസ് മത്സരങ്ങളിലും സ്കൂളിലെ താരമാണ്. അധ്യാപകൻ മേജോ ജോസിന്റെ ശിക്ഷണത്തിൽ സംസ്കൃതം പ്രഭാഷണത്തിൽ ഉപജില്ലയിലും ഒന്നാം സ്ഥാനക്കാരനായി. കെസിഎസ്എലിന്റെ ക്വിസ് ഉൾപ്പടെയുള്ള വിവിധ മത്സരങ്ങളിലും ഈ മിടുക്കൻ തിളങ്ങി.

മാനേജർ ഫാ. ഡോ. മാനുവൽ പിച്ചളക്കാട്ട്, പ്രധാനാധ്യാപിക ഷീബ മാത്യു, അധ്യാപകർ, കൂട്ടുകാർ എന്നിവരെല്ലാം ജിസ്മോന്റെ മികവിനു പിന്തുണയേകുന്നു. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബത്തിൽനിന്നുള്ള ജിസ്മോന്റെ പഠനച്ചെലവുകൾ സ്കൂൾ മാനേജ്മെന്റ് ഏറ്റെടുത്തിട്ടുണ്ട്. ജിസ്മോനിലൂടെ കേരളസഭയുടെ വചനധാരകളിൽ ഒരു അതുല്യപ്രതിഭകൂടി. വചനവഴിയിലെ ഈ മിടുമിടുക്കനു കൊടുക്കാം, ഒരു ബിഗ് സല്യൂട്ട്.

# കണ്ടുമുട്ടലുകളിലെ ദൈവികസാന്നിധ്യം



**റെയ്ച്ചൽ ജോർജ്**
ബി.കോം., എൽ.എൽ.ബി.
കോ ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ

‘നമ്മൾ എന്താണോ സ്നേഹിക്കുന്നത്, അതു നമ്മൾ ആയിത്തീരുന്നു, ആരെ സ്നേഹിക്കുന്നുവോ അതു നമ്മൾ ആയിത്തീരുന്നു. നമ്മൾ വസ്തുക്കളെ സ്നേഹിക്കുന്നുവെങ്കിൽ, നമ്മൾ ഒരു വസ്തുവായി മാറുന്നു. നമ്മൾ ഒന്നിനെയും സ്നേഹിക്കുന്നില്ലെങ്കിൽ, നമ്മൾ ഒന്നുമല്ല.’ അസ്സീസിയിലെ വിശുദ്ധ ക്ലാരയുടെ ഈ വാക്കുകൾ നമ്മുടെ ഒപ്പമുള്ളവരുടെയും നാം ഒപ്പമായിരിക്കുന്നവരുടെയും സാന്നിധ്യത്തിന്റെ മഹത്ത്വം വെളിപ്പെടുത്തിത്തരുന്നു. കാഴ്ചപ്പാടുകളും തീരുമാനങ്ങളും ഇഷ്ടങ്ങളും നാം ആയിരിക്കുന്ന ഇടങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ആയിരിക്കുന്ന ഇടങ്ങളിൽ ദൈവികസാന്നിധ്യം പകരാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കുന്നുണ്ടോ?

എന്റെ സാന്നിധ്യം ഒരു അനുഗ്രഹമാണോ, ശാപമാണോ എന്ന് നാം ഓരോരുത്തരും വിലയിരുത്തണം.

വിദ്യാലയങ്ങളിലും ജോലിസ്ഥലങ്ങളിലും ഇടപഴകുന്ന ഓരോ ഇടങ്ങളിലും നാം പലരെയും പരിചയപ്പെടുന്നതു സ്വാഭാവികമാണ്. സാമൂഹികജീവിയായ മനുഷ്യന് മറ്റൊരാളുടെ സഹായം വേണ്ടെന്നുവച്ച് തനിയെ കാലംകഴിക്കുക എളുപ്പമല്ല. ചുരുക്കിപ്പറഞ്ഞാൽ, ഓരോരുത്തർക്കും ആരെങ്കിലുമൊക്കെ കൂടിയേ തീരൂ. ഓരോ തിരഞ്ഞെടുപ്പിനെയും നിർണായകമായി കാണേണ്ടതും, കണ്ടുമുട്ടലുകൾ ദൈവികസാന്നിധ്യത്തിന്റെ ഇടങ്ങളാകേണ്ടതും ജീവിതസുരക്ഷയ്ക്ക് അത്യാവശ്യമാണ്.



വേദനയിൽ കരിഞ്ഞുണങ്ങിയ എത്രയോ ജീവിതങ്ങളാണ് ചുറ്റുമുള്ളത്! ആ ജീവിതങ്ങളിൽ സ്നേഹത്തിന്റെ, കരുതലിന്റെ ജലം പകർന്ന് ഉണർവേകാൻ നമുക്കോരോരുത്തർക്കും കടമയുണ്ട്. ഒരു ചിരി, ഒരു വാക്ക് - മനുഷ്യന്റെ ഹൃദയത്തെ തൊടാൻ എത്രയോ വഴികളാണ്! വേദന നിറഞ്ഞ കണ്ടുമുട്ടലുകളുടെ നീറ്റൽ ഉണക്കാൻ ഔഷധമാകേണ്ടതും കണ്ടുമുട്ടലുകൾ തന്നെയാണ്.

കരയുന്നവരുടെ മുഖത്തുനോക്കി കരുണയോടെ പുഞ്ചിരിച്ചുകൊണ്ട് വിശുദ്ധരായ അൽഫോൻസാമ്മയും മദർ തെരേസയും മാക്സ് മില്യൺ കോൾബേയും ദൈവികസാന്നിധ്യം പകർന്നുനൽകിയപ്പോൾ മിഴിനീർ തോർന്ന അധരങ്ങളിൽ വിരിഞ്ഞ പുഞ്ചിരി അമൂല്യമായ പ്രാർഥനകളായി.

തെറ്റായ ബന്ധങ്ങളും ലഹരിവസ്തുകളുടെ ഉപയോഗവും ദിനംപ്രതി വർധിച്ചുവരുന്നതിനു കാരണം, കുടുംബബന്ധങ്ങളുടെ തകർച്ചയും ആയിരിക്കുന്ന ഇടങ്ങളിൽ ദൈവികസാന്നിധ്യമാകാൻ മനുഷ്യനു കഴിയാത്തതുമാണ്. അപരന്റെ നന്മയെ കാംക്ഷിക്കുന്നതാണ് സ്നേഹം. മറ്റൊരാളെ തകർക്കുന്ന ഏതൊരു പ്രവൃത്തിയും ദൈവികസാന്നിധ്യത്തിനു വിരുദ്ധമാണ്. കൂട്ടുകുടുംബം അണുകുടുംബത്തിനു വഴിമാറിയ കാലഘട്ടത്തിനൊടുവിൽ ഓരോ മുറിയും ഓരോ ലോകമായി ഒതുങ്ങിപ്പോകുന്നു.

ഒരു വാക്കു മിണ്ടാൻ കാത്തിരിക്കുന്ന വൃദ്ധമാതാപിതാക്കളും പരസ്പരം മിണ്ടാൻ കഴിയാത്തവിധം തിരക്കുകളിൽ അകപ്പെട്ട ഭാര്യാഭർത്താക്കന്മാരും തങ്ങളുടേതായ ചില ഇടങ്ങളിൽ ഒതുങ്ങിപ്പോകുന്ന മക്കളും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ സന്നിഹിതരാകേണ്ടിടത്തു സന്നിഹിതരാകുന്നില്ല. പരസ്പരമുള്ള സംസാരം കുറഞ്ഞപ്പോൾ മുറിവുണക്കുന്ന സാന്നിധ്യമാകാൻ കഴിയാതെപോയ മനുഷ്യനെ തോൽപ്പിക്കാൻ റോബോട്ടുകൾ പല വേഷത്തിൽ പല ഭാവത്തിൽ രംഗപ്രവേശം ചെയ്തുകഴിഞ്ഞു. കാലത്തിനൊപ്പിച്ചു കോലവും ഒപ്പം ചിന്തകളും മാറിയപ്പോൾ, അടുത്തുള്ളവരോടു പറഞ്ഞാൽ തീരുന്ന പ്രശ്നം ജീവൻ എടുത്താൽ മാത്രം തീരുന്ന തരത്തിലേക്കു മാറി.

പരസ്പരം മുറിവുണക്കുന്ന, കേൾക്കുന്ന, കരുതുന്ന, വളർത്തുന്ന, ക്ഷമിക്കുന്ന സ്നേഹത്തിന്റെ മൂർത്തീഭാവമാകാൻ കഴിയുന്നിടത്ത് ആയിരിക്കുന്ന ഇടങ്ങളിലെ, ചുറ്റുള്ളവരുടെ ഇടയിലെ, ദൈവികസാന്നിധ്യമാകാൻ നമുക്കു സാധിക്കും.

> ഓരോ തിരഞ്ഞെടുപ്പിനെയും നിർണായകമായി കാണേണ്ടതും, കണ്ടുമുട്ടലുകൾ ദൈവികസാന്നിധ്യത്തിന്റെ ഇടങ്ങളാകേണ്ടതും ജീവിത സുരക്ഷയ്ക്ക് അത്യാവശ്യമാണ്.

നമ്മുടെ വാക്കും പ്രവൃത്തിയും നമ്മൾ ആയിരിക്കുന്ന ഇടങ്ങളിൽ മുറിവുകൾ സൃഷ്ടിക്കുന്നവയാകാതെ മുറിവുണക്കുന്ന ലേപനമായി മാറാൻ നമുക്കു ശ്രദ്ധിക്കാം.

വസ്തുക്കളെ സ്നേഹിക്കാതെ മനുഷ്യനെ സ്നേഹിക്കുമ്പോൾമാത്രമാണ് നാം മനുഷ്യനാകുന്നത്. ദൈവത്തിന്റെ ഛായ സ്നേഹമാണ്. ആ സ്നേഹം നമ്മിൽ നിറയുമ്പോൾ നമ്മുടെ സാന്നിധ്യം ദൈവികമായി. കണ്ടുമുട്ടലുകൾ ദൈവികമാകുമ്പോൾ ഭൂമിയൊരു കൊച്ചുസ്വർഗമാകും. ■

# പഠിക്കാൻവേണ്ടി ജീവിക്കണോ? ജീവിക്കാൻവേണ്ടി പഠിക്കണോ?



**ആൽബിൻ കൊട്ടാരം**
എം.എസ്‌സി. മാത്സ്
സെന്റ് തോമസ് കോളജ്, പാലാ

തലമുറകളുടെ പരിണാമം ഇംഗ്ലീഷ് അക്ഷരമാലയും പിന്നിട്ട് ആൽഫയിലൂടെ മുന്നോട്ടുപോകുമ്പോൾ ബുദ്ധിയിലും അറിവിലും സ്ഫോടനാത്മകമായ മാറ്റങ്ങൾ പ്രകടമാണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഒരു വ്യക്തിയുടെയും സമൂഹത്തിന്റെയും സമഗ്രമായ വികാസമാണെന്ന് ഗാന്ധിജി ഉൾപ്പെടെയുള്ള പല ചിന്തകരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

പുതുതലമുറ ഈ സമഗ്രത ആർജിക്കുന്നുണ്ടോ എന്നതു ചിന്തനീയമാണ്. എ.ഐ യുമായി പ്രണയത്തിലാവുകയും ഒടുവിൽ നമുക്കൊരുമിച്ചു മരിക്കാമെന്നു തീരുമാനമെടുക്കുകയും ചെയ്ത പതിന്നാലുകാരൻ അമേരിക്കയിൽമാത്രമുള്ള ഒരു കഥയായി അവഗണിക്കേണ്ടതല്ല. നിർമിതബുദ്ധിയും സാങ്കേതികപരിജ്ഞാനവുമെല്ലാം അദ്ഭുതകരമായ ഉന്നതി കൈവരിക്കുമ്പോൾത്തന്നെ, മാനുഷികതയും ആത്മീയതയും സാമൂഹികബോധവും അതിലുപരി വിവേകവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ തലമുറയിലെ കുട്ടികളുടെ ഒരു മധുരമുള്ള ഓർമയാണ് ബോണ്ടാ ക്ലാസ്സ്. എസ്.എസ്.എൽ.സി. പരീക്ഷയടുക്കുമ്പോൾ സ്കൂൾസമയത്തിനുശേഷം നടത്തുന്ന ക്ലാസ്സും ക്ലാസിൽ വിതരണം ചെയ്യുന്ന ബോണ്ടയും പത്താംക്ലാസ്സ് കുട്ടികൾ മറക്കാറില്ല. എന്നാൽ, ഇന്ന് രാവിലെ ഒമ്പതുമണിമുതൽ വൈകുന്നേരം നാലരവരെ നീളുന്ന റെഗുലർ ക്ലാസ്സും അതിനുശേഷമുള്ള ട്യൂഷൻക്ലാസ്സും ഹോം വർക്കുകളും സാധ്യമെങ്കിൽ ഓൺലൈൻക്ലാസ്സും മാതാപിതാക്കളുടെ അമിതസമ്മർദവും എല്ലാംകൂടെ കുട്ടികളുടെ മാനസികാരോഗ്യത്തെ സാരമായി ബാധിച്ചുകഴിഞ്ഞിരിക്കുന്നു.

പഠിക്കാൻവേണ്ടി ജീവിക്കുന്നവരായി അവരെ പഠിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ജീവിക്കാൻവേണ്ടിയാണു പഠിക്കുന്നത് എന്ന തിരിച്ചറിവാണ് നമ്മുടെ കുട്ടികൾക്കു പകർന്നുനൽകേണ്ടത്. കലയും കളിയും ചിരിയും നൊമ്പരവും എല്ലാം വേണം. സമൂഹത്തെക്കുറിച്ച് അവർ അറിയണം. എല്ലാറ്റിലുമുപരിയായി ഈശ്വരചിന്ത അവരിൽ വേരൂന്നണം.

> ജീവിക്കാൻ വേണ്ടിയാണു പഠിക്കുന്നത് എന്ന തിരിച്ചറിവാണു നമ്മുടെ കുട്ടികൾക്കു പകർന്നുനൽകേണ്ടത്. കലയും കളിയും ചിരിയും നൊമ്പരവും എല്ലാം വേണം. സമൂഹത്തെക്കുറിച്ച് അവർ അറിയണം. എല്ലാറ്റിലുമുപരിയായി ഈശ്വരചിന്ത അവരിൽ വേരൂന്നണം.



മൊബൈലും സാങ്കേതികവിദ്യകളും ഒന്നും നമ്മെ അടിമപ്പെടുത്താൻ അനുവദിക്കരുത്; മറിച്ച്, അവയുടെയെല്ലാം യജമാനൻ ആകേണ്ടവനാണു മനുഷ്യൻ എന്ന ബോധ്യം നമുക്കുണ്ടാവണം.

ജീവിതമെന്നാൽ ഒരു പുസ്തകമാണ്; അതിലെ ഒരു താളല്ല. ■

# വിദ്യാധനം സർവധനാൽ പ്രധാനം!



**നിവേദിത നാരായണൻ**
പ്ലസ് ടു
ചിന്മയ വിദ്യാലയം
കോട്ടയം



'വിദ്യാധനം സർവധനാൽ പ്രധാനം' എന്ന മഹദ്വചനം ആദ്യാക്ഷരമാധുര്യത്തിനൊപ്പം ചെവിയിലോതി പഠിപ്പിച്ചിട്ടും വിദ്യയുടെ അഭാവത്തിലും ജീവിതം സുരഭിലമാക്കാം എന്ന വ്യാമോഹത്തിലാണ് ഇന്നത്തെ വിദ്യാർഥിസമൂഹം.

പാഠ്യേതരവിഷയങ്ങൾക്കു പുറമേ നിരവധി പാഠ്യേതരപ്രവർത്തനങ്ങളും ഇന്നു വിദ്യാലയങ്ങളിൽ പ്രബലമാണ്. എന്നാൽ, ഭൂരിഭാഗം വിദ്യാഭ്യാസസമ്പ്രദായങ്ങളിലും ഒരു വിദ്യാർഥിയിലെ ജ്ഞാനമളക്കുന്നത് പരീക്ഷകളിൽ അവർ കരസ്ഥമാക്കിയ 'മാർക്കി'ന്റെ അടിസ്ഥാനത്തിലാണ്. വിദ്യാർഥികൾക്കു മാനസികസമ്മർദത്തിനു വഴിയൊരുക്കുന്ന നിരവധി കാരണങ്ങളിൽ ഒന്നാണിത്. വിദ്യ വിലയില്ലാത്ത ഒരാനന്ദമാണ്; ഈ ആനന്ദം ഉൾക്കൊണ്ടറിയാനാവാതെ ഒരു 'റോബോട്ടാ'യി ചലിക്കുകയാണ് കുട്ടികളിൽ പലരും.

വിദ്യാലയത്തെക്കുറിച്ച് ഒരു ഓർമക്കുറിപ്പെഴുതാൻ ആവശ്യപ്പെട്ടാൽ ഒട്ടേറെപ്പേരും സുഹൃത്തുക്കളെയും മറ്റു പല വൈകാരികനിമിഷങ്ങളെയുംപറ്റി വിവരിക്കും. എന്നാൽ, നിലവിൽ എത്ര പേർ വിദ്യാലയങ്ങളിൽ പഠിപ്പിച്ചതെന്തെന്ന് ഓർക്കുന്നു?

'വിദ്യാർഥി' എന്നാൽ 'വിദ്യ അർഥിക്കുന്ന ഒരാൾ' എന്നാണ്. പ്രായഭേദമെന്യേ അറിവു തേടിയുള്ള യാത്രയിൽ ഏവരും വിദ്യാർഥികളാണ്. ജ്ഞാനത്തിനായി പഠിക്കാതെ സമ്മർദത്താൽ വിദ്യാർഥികളായി മാറുകയാണ് നമ്മളിൽ പലരും.

വിദ്യാസമ്പന്നരായ ഒരു ജനതയാണ് ഒരു രാജ്യത്തിന്റെ മുതൽക്കൂട്ട്. ഒരു നല്ല മനുഷ്യനെ വാർത്തെടുക്കണമെങ്കിൽ അതിനു സമമായി അവരിൽ ഒരു നല്ല വിദ്യാർഥിയെ വാർത്തെടുക്കേണ്ടത് സമകാലികസമൂഹത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണ്. പച്ചയായ യാഥാർഥ്യങ്ങളെ നേരിടാൻ പ്രാപ്തരല്ല ഇന്നു വിദ്യാർഥികൾ. പഠനം മൂലമുള്ള സമ്മർദം മൂർധന്യാവസ്ഥയിലെത്തുമ്പോൾ ആത്മഹത്യയിലേക്കു വഴിമാറുന്ന പ്രവണതയാണ് ഇന്ന് കണ്ടുവരുന്നത്.

ചിത്രകലയിൽ പ്രാവീണ്യമുള്ള കുട്ടിയോട് കണക്കിൽ എന്തുകൊണ്ടു മാർക്കു കുറഞ്ഞു എന്നു പറഞ്ഞു ശകാരിക്കുമ്പോൾ, മുന്നിൽനിന്നു പതറുന്ന വിദ്യാർഥിയിലെ കല എന്ന ജ്ഞാനം നിർഥകവും അപ്രസക്തവുമായിത്തീരുന്നു. അത്രമേൽ ആഴത്തിൽ തറച്ചുകിടക്കുന്ന ഒരായുധമാണ് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിലെ പിഴവുകൾ.

താൻ പഠിച്ച വിഷയങ്ങളിൽനിന്നു പൂർണമായും വ്യത്യസ്തമായ ഉദ്യോഗങ്ങളിൽ ഏർപ്പെടുകയാണ് യുവതലമുറ. പ്രായമേറുംതോറും ജോലിവേണ്ട എന്നു തീരുമാനിച്ച്, ചിലർ സന്തോഷവും സമാധാനവും തേടി തിരിച്ചെത്തുന്നത് അവരിൽ മയങ്ങിക്കിടക്കുന്ന വിദ്യാർഥിയിലെ സ്വപ്നങ്ങളിലേക്കാണ്. എന്തുകൊണ്ട് അതിനിത്രയുംകാലം നഷ്ടമാക്കുന്നു?

ശേഷം 10-ാം പേജിൽ



## മായാമധുരം



**ആദിത്യമോൾ സി. ജെ.**
ക്ലാസ് X
സെന്റ് അലോഷ്യസ് എച്ച്.എസ്.
മണലുങ്കൽ

പാതകൾ പലതും കഴിഞ്ഞുവോ
രാത്രികൾ പകലുകളൊക്കെക്കൊഴിഞ്ഞുവോ
ഓർമകൾമാത്രമോ മാഞ്ഞുപോവതെന്റെ-
യകതാരിൽ തളിരായ് വിരിഞ്ഞുനില്പൂ
കൈപിടിച്ചൊത്തിരി കളിച്ചു ചിരിച്ചതും
വിദ്യാലയത്തിൽ കുളിരു ചൊരിഞ്ഞതും
മിഴിനീർനനഞ്ഞന്നെൻ കവിളു തുടുത്തതും
അന്നു നിൻ കൈകളെൻ കണ്ണീർ തുടച്ചതും
ഓർമയില്ലേ നിനക്കോർമ്മയില്ലേ,
നമ്മുടെ സൗഹൃദമെന്നൊരാ സുന്ദരസംഗീതം?
ഒന്നായ് നടന്നും കളിച്ചും ചിരിച്ചും
അന്നു നാം വിദ്യാലയത്തിന്റെയങ്കണം
സൗഹൃദസംഗീതശാലയാക്കി
തോളോടുതോൾ ചേർന്നിരുന്നും നടന്നും
ഒരു ചോറ്റുപാത്രത്തിൽനിന്നു
വിശപ്പന്നകറ്റിക്കഴിഞ്ഞതും
ഓർമകൾ മാത്രമല്ലെന്നിലവ
മായാമധുരമായ് സംഗീതരാഗമായ്
മനസ്സിന്റെ പുസ്തകത്താളിലായ്
സൂക്ഷിച്ചൊരാ വെൺമയിൽപ്പീലിയാകയാൽ
മറക്കാൻ കഴിയില്ലൊരിക്കലുമവയെന്റെ
ഹൃദയമിടിപ്പിനു തുല്യമാമോർമ്മകൾ
കാലമോ പോകവേ നാം തമ്മിലകലവേ
തേങ്ങലായവയെന്റെ മനസ്സിന്റെ കോണിലൊരു
മധുരമനോഹരഛായയായ് ബിംബമായ്
മറക്കില്ലൊരിക്കലുമെന്നന്ത്യനാളിലും
അത്രയും ദീർഘമാം സുന്ദരസൗഹൃദം.

# മാനവികതയുടെ ശിരശ്ഛേദം



**അനുപ്രിയ ജോജോ**
എം.എ. മലയാളം
ദേവമാതാ കോളജ്
കുറവിലങ്ങാട്

നായാടിയിൽനിന്നു നരനിലേക്കുള്ള മനുഷ്യപരിണാമത്തിനു ഹേതുവായത് മാനുഷികമൂല്യങ്ങളാൽ കെട്ടിപ്പടുത്ത ലോകക്രമമായിരുന്നു. പരസ്പരസ്നേഹവും സഹാനുഭൂതിയും ധാർമികബോധവും മനുഷ്യനെ പരിപക്വനാക്കി. എന്നാൽ, ശാസ്ത്രസാങ്കേതികമുന്നേറ്റത്തിന്റെ പരിവർത്തനകാഹളം മുഴങ്ങുന്ന നവീനയുഗത്തിലും മാനവികതയെ പിന്തള്ളുന്ന തിന്മകൾ സമൂഹത്തിൽ ആവൃതമായിക്കൊണ്ടിരിക്കുന്നു. അഴിമതിയിലും സ്വജനപക്ഷപാതത്തിലും പരിസ്ഥിതി - സ്ത്രീ - അധഃസ്ഥിത വർഗങ്ങളുടെമേലുള്ള ചൂഷണത്തിലും രാജ്യങ്ങൾതമ്മിലുള്ള സംഘർഷത്തിലുമെല്ലാം സഹാനുഭൂതി, ദയ, സാഹോദര്യം എന്നീ മൂല്യങ്ങളുടെ അപചയമാണ് ദൃശ്യമാകുന്നത്. സ്വാർഥതയുടെ പര്യായങ്ങളായി മനുഷ്യൻ മാറുന്ന അനുഭവങ്ങളാണ് ഇവയെല്ലാം.

മനുഷ്യത്വത്തിന്റെ തിരോഭാവവും കാടത്തത്തിലേക്കുള്ള മടക്കവുമാണ് യുക്രെയിനിലും ഇസ്രയേലിലുമെല്ലാം അനുനിമിഷം നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇസ്ലാമികതീവ്രവാദികളിൽനിന്നു രക്ഷപ്പെട്ടു വന്ന ഫൗസിയയും നാദിയയും വെളിപ്പെടുത്തുന്ന സത്യങ്ങൾ മനുഷ്യഹൃദയങ്ങളെ അസ്വസ്ഥപ്പെടുത്തുന്നതാണ്. കരുണയും ആർദ്രതയും വറ്റിയ അധികാരിവർഗം, അനാഥമാക്കപ്പെട്ട, ചേറും ചെളിയും പുരണ്ട ജീവിതങ്ങളെ കാണുന്നില്ല.

വർഗീയതയുടെ വിഷം സമകാലികസമൂഹത്തെ ആകമാനം ഗ്രസിച്ചിരിക്കുന്നു. സ്ഥാനമാനങ്ങളിൽ അഭിരമിക്കുന്ന അധികാരികൾ സുഖലോലുപതയുടെ പിന്നാലെ പായുമ്പോൾ അഴിമതിയാലും രാഷ്ട്രീയ അരാജകത്വത്താലും ഉരുകുന്ന സാധാരണക്കാരന്റെ വിലാപങ്ങൾ വനരോദനങ്ങളായിത്തീരുന്നു. സമകാലിക ഇന്ത്യൻ സാഹചര്യങ്ങൾ വെളിപ്പെടുത്തുന്നതും ഈ യാഥാർഥ്യമാണ്. മണിപ്പൂരിൽ ഇനിയും അടങ്ങാത്ത കലാപവും വർഗീയത വമിപ്പിക്കുന്ന രാഷ്ട്രീയ കക്ഷികളും ഭരണകൂടത്തിന്റെ സ്വജനപക്ഷപാതവുമെല്ലാം ഉദാഹരണം. രാഷ്ട്രത്തിന്റെ പുരോഗമനം നിയന്ത്രിക്കുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥവൃന്ദത്തിലേക്കുപോലും വർഗീയതയും സ്വാർഥമോഹങ്ങളും വേരു പടർത്തിയിരിക്കുന്നു. അധഃസ്ഥിതരുടെയോ ന്യൂനപക്ഷങ്ങളുടെയോ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല. ആനുകൂല്യങ്ങളിലും നിയമനങ്ങളിലും വർഗീയതയും സ്വജനപക്ഷപാതവും കൊടികുത്തിവാഴുന്നു. നിഷ്പക്ഷത പുലർത്തി കാര്യനിർവഹണം നടത്തേണ്ടവർപോലും വർഗീയമനോഭാവവുമായി നിലകൊള്ളുമ്പോൾ ഇന്ത്യയുടെ നാനാത്വത്തിൽ ഏകത്വം സാർഥകമാകുന്നതെങ്ങനെ? മുനമ്പത്തെ അനിശ്ചിതാവസ്ഥ മനുഷ്യത്വപരമായ സമീപനത്തിലൂടെ പരിഹരിക്കാവുന്നതേയുള്ളൂ. കോളജുചുവരുകൾക്ക് രാഷ്ട്രീയച്ഛായം പൂശുന്നതിനും നിയമസംഹിതകളുടെയും റെയിൽവേ സ്റ്റേഷനുകളുടെയും പേരിടീൽചടങ്ങിനുമല്ലാതെ ജനക്ഷേമത്തിനായി രാഷ്ട്രീയത്തെ പ്രയുക്തമാക്കാൻ ഭരണകൂടം അനുശീലിക്കേണ്ടിയിരിക്കുന്നു.

സ്വാതന്ത്ര്യത്തിന്റെ ആഘോഷങ്ങൾ മുഴങ്ങുമ്പോഴും കൽക്കട്ടയിലെ തെരുവുകളിൽ വിഭജനത്തിന്റെ മുറിവുണക്കി നടന്ന മഹാത്മാവിന്റെ ആദർശത്തിന് ഇവിടെ പ്രസക്തിയേറുന്നു. ഇന്ത്യയുടെ വികസനമുന്നേറ്റത്തിന്റെ അമരക്കാരനായ ജവർഹർലാൽ നെഹ്റുവും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കായി നിലകൊണ്ട അംബേദ്കറും ഭരണവർഗത്തിനു മാതൃകയാകേണ്ടിയിരിക്കുന്നു. 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്ന ഭാരതീയസൂക്തത്തെ അനുവർത്തിക്കാൻ മാനവലോകത്തിനു കഴിയണം.

## എന്റെ വര



**ശ്രീഗൗരി ജ്യോതിഷ്**
ക്ലാസ് III
എം.എം.എച്ച്.എസ്.
നരിയംപാറ








# മാതൃഭാഷാമുന്നേറ്റത്തിന്റെ അടരുകൾ




**റോസ് മരിയ ജോജോ**
ബി. എ. മലയാളം
ദേവമാതാ കോളജ്
കുറവിലങ്ങാട്




ശ്രേഷ്ഠഭാഷാപദവി കൈവരിച്ചശേഷവും മലയാളം ഭരണ–നീതിന്യായ–ഔദ്യോഗിക രംഗങ്ങളിൽനിന്നു പാർശ്വവത്കരിക്കപ്പെടുന്നു. മാതൃഭാഷയിലൂടെയാണ് വ്യക്തിയുടെ ചിന്തകൾ വികസിക്കപ്പെടുന്നതെന്നറിഞ്ഞ് വിദ്യാഭ്യാസത്തിന്റെ മാധ്യമം മലയാളമാകണമെന്നു നിർദേശിച്ച മനീഷികളെ നാം അന്നും ഇന്നും തിരസ്കരിച്ചിട്ടേയുള്ളൂ. പൂർണമായും ഭരണഭാഷയായി മാറാൻ സാധാരണക്കാരന്റെ നിത്യജീവിതത്തിലെ സമസ്തമേഖലകളിലും മലയാളഭാഷ ഇടം നേടേണ്ടതുണ്ടെന്ന് ആധികാരികമായി നിർദേശിക്കുകയാണ് ഡോ. ആർ. ശിവകുമാർ 'ഭാഷാവികസനത്തിന്റെ ജനാധിപത്യവഴികൾ' എന്ന ഗ്രന്ഥത്തിലൂടെ. ഭാഷയുടെ വികസനത്തിനും മാതൃഭാഷയിൽ ഊന്നിയ ഭരണഭാഷാവ്യാപനത്തിനുമായുള്ള മാർഗനിർദേശങ്ങൾ ഫലപ്രദമായി നൽകാൻ ഔദ്യോഗികഭാഷാവകുപ്പിലെ ഈ ഉദ്യോഗസ്ഥനു സാധിച്ചിരിക്കുന്നു. 2022 ൽ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിന്റെ അവസാനഭാഗത്ത് മാതൃഭാഷാസംബന്ധിയായ കമ്മീഷൻ റിപ്പോർട്ടുകളും നിയമങ്ങളും ഉത്തരവുകളും ഉൾച്ചേർത്തിട്ടുണ്ട്.

ഭരണഭാഷ എന്ന നിലയിൽ മലയാളത്തിനു ലഭിച്ചിട്ടുള്ള പരിഗണന, കേരളപ്പിറവിവരെയുള്ള ഭരണഭാഷാപരിണാമങ്ങൾ, നിലവിൽ കേരളത്തിലെ ഭരണഭാഷാപ്രശ്നങ്ങൾ എന്നിങ്ങനെയാണ് കൃതിയിലെ പ്രമേയസ്വീകരണത്തിന്റെ മുറ. കാലക്രമത്തിൽ നിർബന്ധിതമായ ഭാഷാപരിണാമരഥ്യകളുടെ വിശകലനം അഗാധമായ ചരിത്രബോധത്തിന്റെ അടയാളങ്ങളാണ്. പ്രയോഗംകൊണ്ടുമാത്രമേ ഭാഷയ്ക്ക് ഓജസ്സുണ്ടാകൂ എന്ന എഴുത്തുകാരന്റെ ദർശനം കൃതിയിലുടനീളം നിഴലിക്കുന്നു. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങൾക്കായി നടന്ന പ്രക്ഷോഭങ്ങൾ അധികാരഭാഷയ്ക്കുള്ള ആഴമേറിയ സ്വാധീനമാണ് ഓർമിപ്പിക്കുന്നത്. ഇതരസംസ്ഥാനങ്ങളിലും രാഷ്ട്രങ്ങളിലും മാതൃഭാഷ ഭരണഭാഷയായും വിദ്യാഭ്യാസമാധ്യമമായും മാറിയപ്പോഴുണ്ടായ ചടുലമാറ്റങ്ങൾ കേരളീയരെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നവയാണ്.

സംഘകാലത്തിനും ആര്യാധിനിവേശത്തിനുംശേഷം നിലനിന്നിരുന്ന കേരളഭാഷ ഇംഗ്ലീഷ്ഭാഷയുടെ കടന്നുവരവിനുമുമ്പ് ഭരണരംഗങ്ങളിൽ പര്യാപ്തമായിരുന്നെന്നു കാണാം. ഇന്ന് കേരളത്തിന്റെ ഭാഷാനയം ശരിയായ നിയമങ്ങളുടെയും അച്ചടക്കനടപടികളുടെയും അഭാവം നേരിടുന്നു. മത്സരപ്പരീക്ഷകളിൽ മലയാളത്തിനുള്ള വിട്ടുവീഴ്ചകൾ,




ഭാഷാവികസനവകുപ്പിന്റെയും ഭാഷാഡയറക്ടറേറ്റിന്റെയും അഭാവം, മലയാളികളുടെ ഇംഗ്ലീഷ്ഭ്രമം, സാങ്കേതികപ്രശ്നങ്ങൾ, കോടതിഭാഷാപ്രശ്നങ്ങൾ, മാധ്യമങ്ങളിലെ ഭാഷാശുദ്ധിയില്ലായ്മ തുടങ്ങിയവ കേരളത്തിലെ ഭരണഭാഷാപ്രശ്നങ്ങളായി ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നു. കോടതികളിൽ മാതൃഭാഷയുടെ അപര്യാപ്തതമൂലം വ്യവഹാരങ്ങളിൽ ഏർപ്പെടാനാകാതെ വരുമ്പോൾ ജനാധിപത്യം തളരുകയാണെന്നു തിരിച്ചറിയണം. സാങ്കേതികപ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ, ബോധവത്കരണം, നിയമനിർമാണം, ബജറ്റ് വിഹിതം വർധിപ്പിക്കൽ തുടങ്ങിയ മാർഗങ്ങളാണ് മലയാളിക്കു മുമ്പിലുള്ളത്.

ജനങ്ങളുടെ ഭരണം ജനങ്ങളുടെ ഭാഷയിൽത്തന്നെ വേണമെന്നുള്ള ജനാധിപത്യസങ്കല്പത്തിലാണ് ഭാഷാവിദഗ്ധർ പ്രതീക്ഷയർപ്പിക്കുന്നത്.



# മായുന്ന പാതകൾ



**അനു അജി**
പ്ലസ് വൺ
എം.ജി.എം. എച്ച്. എസ്.എസ്.
ളാക്കാട്ടൂർ

ഓർമജീവസ്പന്ദങ്ങളിറ്റിറ്റു പോയൊരാ
ചെറ്റക്കുടിലിനോരത്തൊരമ്മയിരിപ്പൂ
അനാഥയായവർ തൻ മുഖമോ
പ്രഭയാർന്നു പോയൊരാ ചന്ദ്രനെപ്പോൽ
പൂവു ചിരിച്ചീലാ, തൂമഞ്ഞു തൂകീലാ
കൂട്ടിനായമ്മയ്ക്ക് ആരാരുമെത്തീലാ
പെറ്റമ്മ തന്നുടെ നോവ് ഗ്രഹിക്കുവാൻ
കഴിയാതെപോയൊരാ മകനെ–
യെന്നിട്ടും അമ്മ കാത്തുപോന്നു.
സ്നേഹിച്ചു ലാളിച്ചു വളർത്തിയൊരാ–
നിൻ കുരുന്നിന്നെവിടെയെന്നമ്മേ?
ഗ്രാമവീഥികൾ താണ്ടിയോടിയെത്തി നിശാന്തത
അങ്ങു മലമേൽനിന്നൊഴുകിയെത്തിയൊരു
ദുഃഖസംഗീതം, വഴിവിളക്കുകൾ
കെട്ടണഞ്ഞുപോയി, മായുന്നു
മങ്ങുന്നു പാതകളൊരു നോവാർന്ന
ശിലപോലെയമ്മ നില്പൂ
ക്ഷണികമായ ജീവനതുള്ളിലേന്തി
എന്നിട്ടുമാമകനെത്തിയില്ലമ്മതൻ
അവസാനശ്വാസമതു കണ്ടുകൊൾവാൻ
പാത മറന്നതോ, പേരു മറന്നതോ
അമ്മതൻ നെഞ്ചിലെ
സ്നേഹം മറന്നതോ, എന്തു–
കൊണ്ടിന്നീ മൃത്യുവാർന്നിടും
നേരത്തുമവൻ നിന്നരികിലെത്തിയില്ല?

# വിദ്യാധനം സർവധനാൽ പ്രധാനം!

9–ാം പേജ് തുടർച്ച

നിങ്ങൾ ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം, നിങ്ങളുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതെന്താണോ അതാണ് യഥാർഥ സ്വപ്നം എന്ന ഡോ. എപിജെ അബ്ദുൾകലാമിന്റെ വാക്കുകൾ സ്മരിക്കുമ്പോൾ, ആർക്കോവേണ്ടി അറുത്തെറിഞ്ഞ സ്വപ്നങ്ങൾ തിരിച്ചുപിടിക്കാൻ നാം പ്രേരിതരാകുന്നു.

കുട്ടികളുടെ ഇഷ്ടാനിഷ്ടങ്ങൾ വിലയിരുത്തി വിഷയങ്ങളിലും പഠനരീതികളിലും ഇനിയും മാറ്റങ്ങൾ കൊണ്ടുവരേണ്ടതും പാഠ്യരീതി വൈവിധ്യപൂർണമാക്കേണ്ടതും അനിവാര്യമാണ്. ജ്ഞാനം കേവലം പുസ്തകങ്ങളിൽനിന്നല്ല ലഭിക്കുന്നത്; പഞ്ചേന്ദ്രിയങ്ങളാണ് യഥാർഥ ജ്ഞാനജാലകങ്ങൾ. വായിച്ചറിയുന്നവ കണ്ടറിയുന്നതിലൂടെ ഹൃദിസ്ഥമാവുന്നു, യാത്രകൾ അതിനു വഴിയൊരുക്കുന്നവയാണ്.

ചരിത്രം ലയിച്ചുറങ്ങുന്ന മണ്ണിനെ തൊട്ടറിയാതെ, തുലാവർഷക്കുളിർമയിൽ നനയാതെ, ശിശിരകാലസൗന്ദര്യം കണ്ടറിയാതെ, കുട്ടികൾ സ്വാതന്ത്ര്യസമരങ്ങളെപ്പറ്റിയും പ്രകൃതിസൗന്ദര്യത്തെപ്പറ്റിയും വർണിക്കുന്നു. നാലു ചുവരുകൾക്കുള്ളിലെ ഒരു വെളുത്ത കടലാസിലേക്ക് ഒരു വിദ്യാർഥിയുടെ ലോകജ്ഞാനം ചുരുങ്ങുമ്പോൾ, അറുത്തെടുത്ത ചിറകുകൾക്കു സാക്ഷിയായി പറന്നുയരാൻ പ്രേരിപ്പിക്കുന്ന ഒരു നിർദയ സമൂഹത്തിലെ ചിത്രശലഭങ്ങളായി മാറുകയാണ് കുട്ടികളിലെ കിനാക്കളും.

'ന ചോരഹാര്യം ന ച രാജഹാര്യം
ന ഭ്രാതൃഭാജ്യം ന കരോതി ഭാരം
വ്യയേ കൃതേ വർധത ഏവനിത്യം
വിദ്യാധനം സർവധനാൽ പ്രധാനം.'

അറിവിന്റെ മഹത്ത്വം പ്രകീർത്തിക്കുന്ന സുഭാഷിതങ്ങളിൽ അറിവ് കള്ളന്മാരാൽ മോഷ്ടിക്കപ്പെടുന്നില്ല എന്നു പ്രതിപാദിക്കുന്നു. രാജാവിനു നികുതി കൊടുക്കേണ്ടതില്ല. സഹോദരങ്ങൾക്കു വീതിച്ചുകൊടുക്കേണ്ടതില്ല. വിദ്യയ്ക്ക് ഒട്ടും ഭാരവുമില്ല. കൊടുക്കുന്തോറും വർധിച്ചുവരുന്ന ധനമാണ് അറിവ്.

'വിദ്യാ ദദാതി വിനയം
വിനയാദ്യാതി പാത്രതാം.
പാത്രത്വാ ധന മാപ്നോതി
ധനാത് ധർമം തതഃസുഖം.'

വിദ്യകൊണ്ടു വിനയവും, വിനയംകൊണ്ടു സജ്ജനങ്ങളും, സജ്ജനങ്ങളെക്കൊണ്ടു ധനവും, ധനംകൊണ്ടു ധർമവും ആർജിക്കുന്നു. ■



# ചിത്രപതംഗം



**കാവ്യകൃഷ്ണ**
പ്ലസ് വൺ
ഗവ. എച്ച്.എസ്.എസ്. വിതുര,
തിരുവനന്തപുരം

വാനിടത്തിൽ പറക്കുവാനാകാതെ
ഖിന്നയായ് ഞാൻ മിഴിനീർ തുടയ്ക്കവേ
മേഘമാലാഖ വന്നുചേർന്നീടുന്നു
വർണമോലുന്ന ചിറകുകൾ നൽകുന്നു

പൂവുകൾതോറും തേൻ തേടിയലയാതെ
നീലവാനിൽ തിരഞ്ഞു ഞാൻ പാറുന്നു
കണ്ടതില്ലായെൻ ചങ്കായ മിത്രമേ
എങ്ങു പോയീയെൻ ചിത്രപതംഗമേ?

പൂവിനുള്ളിലെ പൂമ്പൊടിയാണോ നീ
ഇറ്റുവീഴുന്ന മഞ്ഞിൻകണമാണോ
കണ്ണിനു കുളിർ നൽകുന്ന മുത്തായി
എന്നുമെന്നും നീയുണ്ടായിരിക്കണം

നിറമിഴിയോടെ കാണാൻ കൊതിപൂണ്ടു
അലയുമീ കുഞ്ഞു രാഗാർദ്രപതംഗത്തെ
വിരഹമേൽക്കാതെ വന്നു നീ പുൽകിടാൻ
കാത്തിരിക്കാം ഞാൻ ഈ വിശ്വവാടിയിൽ

# ഭരണഘടന ക്വിസ്

*ഇന്ത്യൻഭരണഘടന ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിട്ട് 75 വർഷമായ പശ്ചാത്തലത്തിൽ, ദീപനാളം കുട്ടികൾക്കായി ഒരു ക്വിസ് മത്സരം നടത്തുന്നു.*

1. ഇന്ത്യയുടെ മഹത്തായ ഭരണഘടന ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടത് എന്ന്?
2. ഇന്ത്യൻഭരണഘടന പ്രാബല്യത്തിൽ വന്നത് എന്നാണ്?
3. ഭരണഘടനയുടെ ആമുഖത്തിൽ സെക്കുലർ, സോഷ്യലിസ്റ്റ് എന്നീ വാക്കുകൾ ഉൾപ്പെടുത്തിയത് എന്ന്? ഏതു ഭേദഗതിപ്രകാരമാണ്?
4. പാർലമെന്റിന്റെ ഭരണഘടനാഭേദഗതിയധികാരത്തെക്കുറിച്ചു പറയുന്നത് ഏത് അനുച്ഛേദത്തിലാണ്?
5. ഭരണഘടനയുടെ ആമുഖം തയ്യാറാക്കിയത് ആരാണ്?
6. ഭരണഘടനയുടെ ആമുഖം ആരംഭിക്കുന്നത് എപ്രകാരമാണ്?
7. ഭരണഘടനാസഭയിലെ അംഗങ്ങളെന്ന നിലയിൽ ഭരണഘടനയിൽ ഒപ്പുവച്ച മലയാളികൾ എത്ര?
8. ഭരണഘടനയിൽ ഒപ്പുവച്ച മലയാളിവനിതകൾ ആരൊക്കെയായിരുന്നു?
9. ഭരണഘടനയിൽ മലയാളത്തിൽ ഒപ്പിട്ടവർ ആരൊക്കെയാണ്?
10. ഭരണഘടനയുടെ ആദ്യപ്രാദേശികപരിഭാഷ പ്രസിദ്ധീകരിച്ചത് ഏതു ഭാഷയിലാണ്? എന്ന്?

ഉത്തരങ്ങൾ ലഭിക്കേണ്ട അവസാനതീയതി ഡിസംബർ 25. ഉത്തരങ്ങൾ 7306874714 എന്ന വാട്ട്സ്ആപ്പ് നമ്പരിലേക്ക് അയച്ചുതരിക.

ശരിയുത്തരം അയയ്ക്കുന്നയാൾക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നതാണ്.